പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4187 16.03.2017 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ. കളിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.ടി.ഐ. കളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെങ്കിലും പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | (എ) & (ബി) ഉണ്ട്. 2016-17 വർഷത്തെ ബഡ്ജറ്റിൽ വിവിധ ശീർഷകങ്ങളുടെ കീഴിലായി ഐ.ടി.ഐ.യിലെ ട്രേഡുകൾക്കായുള്ള ഉപകരണ സംഭരണം, അഫിലിയേഷൻ, റീ-അഫിലിയേഷൻ, ട്രേഡുകളുടെ നവീകരണം, കെട്ടിടനിർമ്മാണം, കെട്ടിടങ്ങളുടെ നവീകരണം, വനിത ഐ.ടി.ഐ.കളുടെ നിലവാരമുയർത്തൽ തുടങ്ങിയവയ്ക്കായി തുക വകയിരുത്തിയിരുന്നു. 2016-17 സാമ്പത്തിക വർഷം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ക്ലാസ് റൂമുകൾ, വർക്ക്ഷോപ്പ് കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ്, വനിതാ ട്രെയിനികൾക്കായുള്ള വിശ്രമകേന്ദ്രം, ടോയ്‌ലെറ്റ്, ചുറ്റുമതിൽ തുടങ്ങിയവയുടെ നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ 16 ഐ.ടി.ഐ.കളിലെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്കും 25 ഐ.ടി.ഐ.കളുടെ വിവിധതരം ചെറുകിട മരാമത്തുപണികൾക്കും അനുമതി നൽകിയിട്ടുണ്ട്. ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരമുള്ളവയാക്കി മാറ്റുന്നതു ലക്ഷ്യമിട്ട് KIIFB പദ്ധതിയ്ക്കുകീഴിൽ 10 ഐ.ടി.ഐ. കളെ തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരത്ത് ചാക്ക, കോഴിക്കോട് കോഴിക്കോട് ഐ.ടി.ഐ.-കളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ 8 കോടി രൂപ ഇതിനകം അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ